**File No.FWLD-D2/271/2018-FWLD**

## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4094 | 25.06.2018-ൽ മറുപടിയ്ക്ക്.

### വന്യമൃഗ ആക്രമണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ശശി | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വനാതിർത്തി പങ്കിടുന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങിയത് മൂലം കഴിഞ്ഞ 2 വർഷങ്ങളിലായി എത്ര തുകയുടെ കൃഷിനാശമുണ്ടായിയെന്നും എത്ര പേർക്ക് പരിക്കുകൾ പറ്റിയെന്നും,എത്ര പേർക്ക് ജീവഹാനി സംഭവിച്ചുവെന്നും,എത്ര വീടുകൾ ആക്രമിച്ചുവെന്നും,എത്ര വളർത്തുമൃഗങ്ങളെ കൊന്നുവെന്നും വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് വനാതിർത്തി പങ്കിടുന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങിയത് മൂലം കഴിഞ്ഞ 2 വർഷങ്ങളിലായി 8,42,46,468/- രൂപയുടെ കൃഷിനാശമുണ്ടായി, 1704 പേർക്ക് പരിക്കുകൾ പറ്റി, 247 പേർക്ക് ജീവഹാനി സംഭവിച്ചു, 508 വീടുകൾ ആക്രമിച്ചു, 877 വളർത്തു മൃഗങ്ങളെ കൊന്നു. |
| (ബി) ഇക്കാലയളവിൽ വന്യമൃഗ ആക്രമണത്തിന് വിധേയരായവർ/മരണപ്പെട്ടവർ എന്നുള്ളവർക്ക് എന്തെല്ലാം സഹായം നൽകിയെന്നും എത്ര പേർക്ക് നൽകിയെന്നും ആയതിന് ചെലവഴിച്ച തുക എത്രയെന്നും ഇനിയും തുക ലഭ്യമാക്കാത്തവർ എത്രയെന്നും വിശദാംശം നൽകുമോ; | (ബി) ഇക്കാലയളവിൽ വന്യമൃഗ ആക്രമണത്തിന് വിധേയരായി പരിക്ക് പറ്റിയവർക്ക് 3,96,30,091/- രൂപയും, മരണപ്പെട്ടവരുടെ ആശ്രിതർക്ക് 3,85,31,250/- രൂപയും ധനസഹായമായി ആകെ 1730 പേർക്ക് നൽകി. ഇനി 282 പേർക്ക് നൽകുവാനുണ്ട്. |
| (സി) ഇക്കാലയളവിൽ പ്രസ്തുത ആക്രമണത്തിൽ വീട് നശിച്ചതും കൃഷിനാശം സംഭവിച്ചതുമായി എത്ര പേരുടെ പരാതി ലഭിച്ചു, ആയത് പ്രകാരം എത്ര പേർക്ക് സഹായം നൽകി, പരാതി ലഭ്യമായതിൽ ഇനി എത്ര പേർക്ക് സഹായം നൽകാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (സി) ഇക്കാലയളവിൽ പ്രസ്തുത ആക്രമണത്തിൽ വീട് നശിച്ചതും കൃഷിനാശം സംഭവിച്ചതുമായി 14637 പേരുടെ പരാതി ലഭിച്ചു. ആയത് പ്രകാരം 13436 പേർക്ക് സഹായം നൽകി. പരാതി ലഭ്യമായതിൽ ഇനി 1201 പേർക്ക് സഹായം നൽകാനുണ്ട് |
| (ഡി) ഇക്കാലയളവിൽ വളർത്തുമൃഗങ്ങളെ കൊന്നതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചു; എത്ര പരാതിയിന്മേൽ നടപടി സ്വീകരിച്ചു; ആയതിന് ചെലവഴിച്ച തുക എത്ര; അവശേഷിക്കുന്ന പരാതികളിന്മേൽ എപ്പോൾ നടപടി സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ? | (ഡി) ഇക്കാലയളവിൽ വളർത്തുമൃഗങ്ങളെ കൊന്നതുമായി ബന്ധപ്പെട്ട് 836 പരാതികൾ ലഭിച്ചു. ആയതിൽ 816 പരാതിയിന്മേൽ നടപടി സ്വീകരിച്ചു. ആയതിന് 1,55,20,599/- രൂപ ചെലവഴിച്ചു. അവശേഷിക്കുന്ന പരാതികളിന്മേൽ നടപടി പൂർത്തിയാക്കാനുള്ള തീവ്രശ്രമത്തിലാണ്. |

സെക്ഷൻ ഓഫീസർ